**File No.SJD/100173/2019-F2**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :12/10/2020
Email – swdkerala@gmail.com
Phone – 0471 – 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും
കീഴ് കാര്യാലയ മേധാവികൾക്കും

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് – CMO പോർട്ടൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഓൺലൈൻ പരിശീലനം നൽകുന്നത് സംബന്ധിച്ച്.

സൂചന :- ബഹു കേരളാ മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെല്ലിൽ നിന്നുള്ള 22.09.2020 ലെ സി.എം.സി.സി-9/157/2020-സി.എം.സി.സി നമ്പർ കത്ത്

CMO പോർട്ടൽ കൈകാര്യം ചെയ്യുന്നതിന് പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ സ്ഥലം മാറിപ്പോകുമ്പോൾ പ്രസ്തുത തസ്തികയിൽ പുതുതായി എത്തുന്നവർക്ക് ടി പോർട്ടൽ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ കഴിയാത്ത അവസ്ഥ നിലവിലുള്ളതിനാൽ CMO പോർട്ടൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് പോർട്ടൽ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം 2020 ഒക്ടോബർ മാസം മുതൽ ഓൺലൈനായി നല്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന് മേൽ കത്തിലൂടെ അറിയിച്ചിട്ടുണ്ട്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ള ഉദ്യോഗസ്ഥർ പോർട്ടലിൽ **"Home"** പേജിൽ (ലോഗിൻ ചെയ്തു കഴിയുമ്പോൾ കാണുന്ന പേജ്) **"Training Registration"** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്നും ഒരു ഓഫീസിൽ നിന്ന് ഓഫീസ് മേധാവിയോ പോർട്ടൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരോ മാത്രമേ പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവൂ എന്നും ടി കത്തിൽ നിർദേശിക്കുന്നു. ടി സാഹചര്യത്തിൽ ഓൺലൈൻ പരിശീലന വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കേണ്ടതും CMO പോർട്ടൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ഓൺലൈൻ ട്രെയിനിങ്ങിൽ പങ്കെടുക്കുന്നുണ്ടെന്ന് വകുപ്പിന് കീഴിലുള്ള എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാരും കീഴ് കാര്യാലയ മേധാവികളും ഉറപ്പുവരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ,

SUBASH KUMAR

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**

PDF processed with CutePDF evaluation edition www.CutePDF.com

കേരള സർക്കാർ

നം.സി.എം.സി.സി.-9/157/2020-സി.എം.സി.സി.

മുഖ്യമന്ത്രിയുടെ കംപ്യൂട്ടർ സെൽ,
ഗവ.സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം, തീയതി:22/09/2020

പ്രേഷിതൻ
മുഖ്യമന്ത്രിയുടെ സെക്രട്ടറി

സ്വീകർത്താവ്
എല്ലാ വകുപ്പ് മേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും

സർ,

വിഷയം: - മുഖ്യമന്ത്രിയുടെ കംപ്യൂട്ടർ സെൽ - സി.എം.ഒ. പോർട്ടൽ കൈകാര്യം ചെയ്യുന്നതിന് പരിശീലനം - സംബന്ധിച്ച്.

ബഹു.മുഖ്യമന്ത്രിക്ക് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന പരാതികൾ cmo.kerala.gov.in വെബ്പോർട്ടൽ മുഖേനയാണ് തുടർ നടപടി സ്വീകരിക്കാനായി വിവിധ ഓഫീസുകളിലേക്ക് കൈമാറി വരുന്നത്. സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖല /സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, കമ്മീഷനുകൾ, സർവ്വകലാശാലകൾ, ഉൾപ്പെടെ 12,000-ലധികം വരുന്ന ഓഫീസുകളും സ്ഥാപനങ്ങളും ഈ ശൃംഖലയുടെ ഭാഗമാണ്.

2019 ജൂലൈ മുതൽ ഒക്ടോബർ മാസം വരെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സി.എം.ഒ. പോർട്ടൽ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥർക്ക് അതതു ജില്ലകളിൽ വെച്ച് പരിശീലനം നൽകിയിരുന്നു. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ മാറിപോകുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികയിൽ പുതുതായി എത്തുന്ന ഉദ്യോഗസ്ഥർക്ക് CMO പോർട്ടൽ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ കഴിയാത്ത അവസ്ഥ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ CMO പോർട്ടൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്ക്, പോർട്ടൽ കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനം ഓൺലൈനായി നൽകാൻ നിശ്ചയിച്ചിട്ടുണ്ട്. 2020 ഒക്ടോബർ മാസം ആരംഭിക്കുന്ന ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താത്പര്യമുള്ള ഉദ്യോഗസ്ഥർ CMO പോർട്ടലിലെ Home പേജിൽ (ലോഗിൻ ചെയ്ത് കഴിയുമ്പോൾ കാണുന്ന പേജ്) നൽകിയിട്ടുള്ള "Training Registration" എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒരു ഓഫീസിൽ നിന്ന് ഓഫീസ് മേധാവിയോ, പോർട്ടൽ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരോ മാത്രമേ പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവൂ.

താങ്കളുടെയും, താങ്കളുടെ കീഴിലുള്ള ഓഫീസുകളിലെയും CMO പോർട്ടൽ ഉപയോഗിക്കുന്ന

ഉദ്യോഗസ്ഥരോട് ടി പരിശീലനത്തിനു പങ്കെടുക്കുന്നതിന് നിർദ്ദേശം നൽകുവാനും താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
**റോബർട്ട് ഫ്രാൻസിസ്**
ഡെപ്യൂട്ടി സെക്രട്ടറി
മുഖ്യമന്ത്രിയുടെ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ